"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

ദുരന്ത നിവാരണ വകുപ്പ്- കോവിഡ് 19- കേരള ഹെൽത്ത് റിസർച്ച് & വെൽഫെയർ സൊസൈറ്റിക്ക് വാടകയിനത്തിൽ നഷ്ടമായ 13.6 കോടി രൂപ സംസ്ഥാന ദുരന്ത പ്രതികരണനിധിയിൽ നിന്ന് അനുവദിച്ച്-ഉത്തരവ് -പുറപ്പെടുവിക്കുന്നു.

---

**ദുരന്ത നിവാരണ (എ) വകുപ്പ്**

**സ.ഉ.(സാധാ) നം.956/2020/DMD** തീയതി,തിരുവനന്തപുരം, 02/12/2020

---

പരാമർശം:- 1.കേരള ഹെൽത്ത് റിസർച്ച് & വെൽഫെയർ സൊസൈറ്റിയുടെ മാനേജിംഗ് ഡയറക്ടറുടെ 23/06/2020 ലെ Accts/1954/20/KHRWS നമ്പർ കത്ത്

2.ആരോഗ്യ വകുപ്പ് ഡയറക്ടറുടെ 06/11/2020 തീയതിയിലെ എം.എച്ച്-3/79372/2020/ആ.വ.ഡ കത്ത്

3.18/11/2020 ലെ സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റിയുടെ സ്റ്റേറ്റ് എക്സിക്യൂട്ടീവ് കമ്മിറ്റിയുടെ നടപടിക്കുറിപ്പ്

**<u>ഉത്തരവ്</u>**

ആരോഗ്യ വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന ട്രാവൻകൂർ കൊച്ചിൻ ലിറ്ററി സയന്റിഫിക് ആന്റ് ചാരിറ്റബിൾ സൊസൈറ്റീസ് ആക്ട് പ്രകാരം രജിസ്റ്റർ ചെയ്തിട്ടുള്ള സ്ഥാപനമാണ് കെ.എച്ച്.ആർ.ഡബ്ല്യൂ.എസ് യെന്നും മെഡിക്കൽ കോളേജ് ആശുപത്രി, സർക്കാർ ആശുപത്രികൾ എന്നിവയോട് അനുബന്ധമായി നടത്തി വരുന്ന പേവാർഡ്, എ.സി.ആർ ലാബ്, കാത്ത് ലാബ്, മറ്റ് ലാബുകൾ തുടങ്ങിയവയിൽ നിന്നുള്ള തനതു വരുമാനം ഉപയോഗിച്ച് പ്രവർത്തിച്ചു വരുന്നുവെന്നും സർക്കാർ ആശുപത്രിയോട് അനുബന്ധമായി പ്രവർത്തിച്ചു വരുന്ന 75 പേവാർഡുകളിൽ 67 പേവാർഡുകളിൽ കോവിഡ് 19 രോഗികളുടെ ചികിത്സയുമായി ബന്ധപ്പെട്ട് ഐസലേഷൻ വാർഡുകളാക്കി മാറ്റുന്നതിന് സർക്കാർ ഏറ്റെടുക്കുകയുണ്ടായി എന്നും 2020 ജനുവരി മുതൽ മാർച്ച് വരെയുള്ള കാലയളവിൽ പല ഘട്ടങ്ങളിലായി പേവാർഡുകൾ ഏറ്റെടുത്തതു മൂലം വരുമാനം നിലച്ചതിനാൽ പേവാർഡുകളുടെ വൈദ്യുതി, വെള്ളക്കരം, ജീവനക്കാരുടെ ശമ്പളം എന്നിവ നൽകുവാൻ കഴിയാത്ത സ്ഥിതി വിശേഷമാണ് നിലവിൽ ഉള്ളതെന്നും ആയതിനാൽ കോവിഡ് 19- മായി ബന്ധപ്പെട്ട് സർക്കാർ ഏറ്റെടുത്ത് ഐസലേഷൻ വാർഡുകളാക്കി മാറ്റിയ കെ.എച്ച്.ആർ.ഡബ്ല്യൂ.എസ് - പേവാർഡുകളുടെ വൈദ്യുതി ചാർജ്ജ്, വെള്ളക്കരം, ജീവനക്കാരുടെ ശമ്പളം അടക്കമുള്ള നടത്തിപ്പ് ചെലവുകൾ വഹിക്കുന്നതിനായി ടി പേവാർഡുകളുടെ വാടക തുക അനുവദിക്കണമെന്നും കെ.എച്ച്.ആർ.ഡബ്ല്യൂ.എസിന്റെ മാനേജിംഗ് ഡയറക്ടർ പരാമർശം(1) പ്രകാരം ആവശ്യപ്പെടുകയുണ്ടായി.

18/11/2020 ലെ സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റിയുടെ സ്റ്റേറ്റ് എക്സിക്യൂട്ടീവ് കമ്മിറ്റി യോഗത്തിൽ കോവിഡ് ചികിത്സയുമായി ബന്ധപ്പെട്ട് 17/03/2020 മുതൽ 30/09/2020 വരെ കേരള

ഹെൽത്ത് റിസർച്ച് & വെൽഫെയർ സൊസൈറ്റിക്ക് വാടകയിനത്തിൽ നഷ്ടമായ 13.6 കോടി രൂപ സംസ്ഥാന ദുരന്ത പ്രതികരണനിധിയിൽ നിന്ന് അനുവദിക്കുവാൻ തീരുമാനം കൈകൊള്ളുകയുണ്ടായി.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കോവിഡ് ചികിത്സയുമായി ബന്ധപ്പെട്ട് 17/03/2020 മുതൽ 30/09/2020 വരെ കേരള ഹെൽത്ത് റിസർച്ച് & വെൽഫെയർ സൊസൈറ്റിക്ക് വാടകയിനത്തിൽ നഷ്ടമായ 13.6 കോടി രൂപ(പതിമൂന്ന് കോടി അറുപത് ലക്ഷം രൂപ മാത്രം) സംസ്ഥാന ദുരന്ത പ്രതികരണനിധിയുടെ 2245-02-101-94-01 Flood Other Items എന്ന ശീർഷകത്തിൽ നിന്നും കേരള ഹെൽത്ത് റിസർച്ച് & വെൽഫെയർ സൊസൈറ്റിയ്ക്ക് അനുവദിച്ച് ഉത്തരവാകുന്നു. മേൽ പരാമർശിച്ചിരിക്കുന്ന തുക കേരള ഹെൽത്ത് റിസർച്ച് & വെൽഫെയർ സൊസൈറ്റിയുടെ അക്കൗണ്ടിലേയ്ക്ക് (അക്കൗണ്ട് നമ്പർ - 67067972085, ബാങ്കിന്റെ പേര് - സ്റ്റേറ്റ് ബാങ്ക് ഓഫ് ഇൻഡ്യ, സിറ്റി -ബ്രാഞ്ച്, IFSC Code -SBIN0070028) റിലീസ് ചെയ്ത് നല്കുന്നതിനുള്ള നടപടി ദുരന്ത നിവാരണ വകുപ്പിലെ ഫിനാൻസ് ഓഫീസർ സ്വീകരിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**ഡോ .എ .ജയതിലക് ഐ.എ.എസ്**

**പ്രിൻസിപ്പൽ സെക്രട്ടറി**

അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്),(എ&ഇ) കേരള, തിരുവനന്തപുരം

കമ്മീഷണർ, ലാന്റ് റവന്യൂ, തിരുവനന്തപുരം

കമ്മീഷണർ,ദുരന്ത നിവാരണം

ഡയറക്ടർ,ആരോഗ്യ വകുപ്പ്

മെമ്പർ സെക്രട്ടറി, സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി, വികാസ് ഭവൻ പി.ഒ., തിരുവനന്തപുരം

മാനേജിംഗ് ഡയറക്ടർ,കേരള ഹെൽത്ത് റിസർച്ച്&വെൽഫെയർ സൊസൈറ്റി,ജനറൽ ആശുപത്രി ക്യാമ്പസ്,റെഡ്ക്രോസ് റോഡ്,തിരുവനന്തപുരം-695035

ജില്ലാട്രഷറി ഓഫീസർ,തിരുവനന്തപുരം

ആരോഗ്യ വകുപ്പ്

സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി

പകർപ്പ് :-

റവന്യൂവും ഭവന നിർമ്മാണവും വകുപ്പ് മന്ത്രിയുടെ പി.എസിന്

റവന്യൂവും ദുരന്ത നിവാരണവും വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പേഴ്സണൽ അസിസ്റ്റന്റിന്

പൊതുജന സമ്പർക്ക വകുപ്പ്(Web and New Media)

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ